മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സ്വന്തം കാറില്ല, പുതിയൊരു കാർ വാങ്ങുവാൻ ധനസ്ഥിതിയുണ്ട്, കാറിന്നപേക്ഷിച്ചിട്ടുണ്ട്, കാറിന്ന പെർമിറ്റ കൊടുത്തു. പക്ഷെ കാർ വാങ്ങിയിട്ടില്ല, അങ്ങിനേയുള്ള ആളുകൾ പെർമിറ്റ മടക്കിത്തന്നിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: പെർമിറ്റപ്രകാരം കാർ വാങ്ങിച്ചു തകരാറൊന്നും ചെയ്യുവാൻ പാടില്ല. ചിലർ ആവശ്യപ്പെട്ട മോഡൽ കാറിന്നായിരിക്കയില്ല പെർമിറ്റ. മോഡൽ ഇഷ്ടപ്പെടാത്തതുകൊണ്ട് കാർ മേടിച്ചിട്ടുണ്ടായിരിക്കുകയില്ല. അങ്ങിനെയുള്ളവർ മടക്കിത്തന്നിട്ടുണ്ടാകും.

Mr. S. P. Luiz *(Nominated)*: May I know Sir, who is the officer issuing the permit?

Rao Bahadur T. K. Nayar *(Prime Minister)*: Commissioner of Police. പോലീസ് കമ്മീഷണർ ഓർഡർ ചെയ്യുന്നതു് ഗവൺമെണ്ടാർഡറാണ്.

മിസ്റ്റർ പി. കെ. പോൾ: ഇപ്പോൾ ലോറികൾ സുലഭമായി കിട്ടിത്തുടങ്ങിയിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ പി. കെ. പോൾ: അതും ആവശ്യക്കാരുടെ ഒരു ലിസ്റ്റ്വെച്ചു പ്രയോറിട്ടി അനുസരിച്ച് കൊടുക്കുവാൻ ദയവുണ്ടാകുമോ?

റാവുബഹദൂർ ടി. കെ നായർ: അതും ചിലപ്പോൾ പ്രയോറിട്ടിവെച്ചു കൊടുക്കേണ്ടിവരും.

CASES OF BELABOURING OF EEPRESSED CLASS MEMBERS BY THE POLICE IN CRANGANUR TALUK—PARTICULARS OF

302. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സ്വയം മറുപടി പറയുമോ.—

(എ) [illegible] താലൂക്കിൽ എത്ര അധഃകൃത മർദ്ദന (അധഃകൃതരെ മറ്റുള്ളവർ ദേഹോപദ്രവം ഏല്പിച്ചതായി) കേസ്സുകൾ പോല്ലീസ്സിൽ ഉണ്ടായിട്ടുണ്ട്;

(ബി) അവയിൽ എത്ര കേസ്സുകൾ ചാർജ്ജുചെയ്തു;

(സി) എത്ര കേസ്സുകൾ തെളിവില്ലായ്മയാൽ ചാർജ്ജ് ചെയ്തില്ല;

(ഡി) റഫർ ചെയ്തകളഞ്ഞ കേസ്സുകൾ അധഃകൃത സംരക്ഷകന്റെ അറിവോടും അനുമതിയോടുംകൂടിയാണോ അങ്ങിനെ ചെയ്തിട്ടുള്ളതു;

(ഇ) ചാർജ്ജുചെയ്ത കേസ്സുകളിൽ എത്ര എണ്ണം തള്ളിപ്പോയി; എത്ര കേസ്സിൽ ശിക്ഷിച്ചു; എത്ര കേസ്സിൽ പ്രതികളെ വെറുതെ വിട്ടു?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) മൂന്ന്.

(ബി) ഒന്ന്.

(സി) രണ്ടു്.

(ഡി) അല്ല.

(ഇ) ചാർജ്ജുചെയ്ത കേസ്സ് ഇപ്പോഴും കോടതിയിലാണ്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: റഫർചെയ്തകളഞ്ഞ കേസുകൾ അധഃകൃതസംരക്ഷകന്റെ അറിവോടും അനുമതിയോടും കൂടിയാണോ എന്നുള്ള ചോദ്യത്തിന്ന അല്ല എന്ന മറുപടി കൊടുത്തിട്ടുണ്ട്. അതു് അധഃകൃതസംരക്ഷകന്റെ അനുമതിയോടുകൂടിയായിരിക്കണമെന്ന ഗവൺമെണ്ട പ്രത്യേകം നിർദ്ദേശിച്ചിട്ടില്ലെ?

റാവുബഹദൂർ ടി. കെ. നായർ: എൻക്വയറി രണ്ടു കൂട്ടരുംകൂടി ആലോചിച്ചു ചെയ്യണമെന്നല്ലാതെ റഫർ ചെയ്യണമെങ്കിൽ അധഃകൃത സംരക്ഷകന്റെ അനുമതി വേണമെന്ന ഓർഡറുണ്ടോ എന്ന ഓർമ്മയില്ല.

മിസ്റ്റർ പി. കെ. ഡീവർ: റഫർ ചെയ്യുവാൻ പോകുന്ന എന്നു പ്രൊട്ടക്ടറെ അറിയിക്കുന്നതു, പ്രൊട്ടക്ടർ അന്വേഷണം നടത്തുന്ന ആളായതുകൊണ്ട്, കാര്യസ്വാധ്യത്തിന്ന നല്ലതായിരിക്കയില്ലെ?

മിസ്റ്റർ പാറമേൽ ഐപ്പ് ഐപ്പ്: പോലീസ് കോടതിയിലേക്ക കേസ് റഫർ ചെയ്യുമ്പോൾ ഒരു റഫർ നോട്ടീസു കൊടുക്കാറില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ശിവരാമമേനോൻ: ഉവ്വ്.

മിസ്റ്റർ കെ. കെ. കണ്ണൻ: റഫർ നോട്ടീസുകൊടുക്കുന്നതു കോടതിയിൽ നിന്നാണോ?

മിസ്റ്റർ എം. ശിവരാമമേനോൻ: അല്ല. പോലീസുതന്നെ നേരിട്ടു കൊടുക്കുകയാണു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: മന്ത്രിയും അധഃകൃത സംരക്ഷകനും പോലീസുകമ്മിഷണരുംകൂടി നടത്തിയ ഒരു കോൺഫറൻസിൽവെച്ചു് അധഃകൃതരുടെ കേസു റഫർ ചെയ്യുന്നതിനുമുമ്പു് അധഃകൃത സംരക്ഷകനെ അറിയിക്കണമെന്ന ഒരു തീരുമാനം ഉണ്ടായിട്ടുള്ളതായി അറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസുവേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അങ്ങിനെയുണ്ടെങ്കിൽ ആ നിർദ്ദേശം നടപ്പിൽ വരുത്തുവാൻ നടപടി എടുക്കാമോ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ടെങ്കിൽ ബുദ്ധിമുട്ടില്ല. ഇല്ലെങ്കിലും അതിനെപ്പറ്റി ആലോചിക്കാം.

KOLAZI RATION SHOP COMPLAINTS—DETAILS REGARDING

303. മിസ്റ്റർ കെ. ടി. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) കോലഴി ഫ്ലക്സ്-ാംനമ്പർ റേഷൻ പീടിക നടത്തിവരുന്നതു ആരാണു്;

(ബി) ഈ റീട്ടെയിലരുടെ പേരിൽ റേഷൻ വിതരണകാര്യത്തിൽ വല്ല ആക്ഷേപങ്ങളും ഗവണ്മെണ്ടു ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു എന്താണു്; എന്നാണു്;

(സി) ഇതിനെപ്പറ്റി വല്ല നടപടിയും എടുത്തിട്ടുണ്ടോ; അതു എന്താണു്;

(ഡി) ഈ റീട്ടെയിലർ വല്ല ഹർജികളും ഗവണ്മെണ്ടിലേക്കോ, ഡിപ്പാർട്ടുമെണ്ടിലേക്കോ അയച്ചിട്ടുണ്ടോ;

(ഇ) എത്ര പ്രാവശ്യം Stay order ഈ കാര്യത്തിൽ കൊടുത്തിട്ടുണ്ടു്;

(എഫ്) ഇപ്പോൾ വല്ല Stay order-ും നിലവിലുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) മിസ്റ്റർ കെ. ആർ. സുബ്രഹ്മണ്യയ്യർ.

(ബി) ഉവ്വു്. ഫ്ലക്സ് മീനം നു-ാം രു-യിൽ പീടികയിൽ അരിയുടെ സ്റ്റോക്കു തീർന്നിട്ടും, സമയത്തിനു വീണ്ടും അരി കൊണ്ടുവരാതെ കാർഡു ഉടമസ്ഥന്മാരെ ബുദ്ധിമുട്ടിച്ചുതായി ആക്ഷേപം കിട്ടുക ഉണ്ടായിട്ടുണ്ടു്.

(സി) ഉവ്വു്; മിസ്റ്റർ സുബ്രഹ്മണ്യയ്യരുടെ ഷാപ്പിലെ കാർഡുകളിൽ പകുതി കോലഴി കോ-ഓപ്പറേറ്റീവു് സൊസൈറ്റിക്കു കൊടുപ്പാൻ ഉത്തരവായി.

(ഡി) ഉവ്വു്.

(ഇ) മൂന്നു പ്രാവശ്യം.

(എഫ്) ഇല്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: ഇതിൽ പറയുന്ന ആൾക്കു് ഇപ്പോൾ ഷാപ്പുകൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ആ ഷാപ്പിൽ ഇപ്പോൾ എത്ര കാർഡുകളുണ്ടു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതിന്റെ നമ്പ്രു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: ഈ ഷാപ്പുള്ള സൊസൈറ്റിക്കു് എല്ലിച്ചുകൊടുത്തതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇയാളുടെപേരിൽ ഒരു കംപ്ലെയിൻറു് ഉണ്ടായിരുന്നു. അതായതു ഒരു ദിവസം തൃശ്ശൂക്കു് ആളെ അയച്ചിട്ടു അരി കൊണ്ടുവരാൻ കഴിച്ചു വൈകിപോയി. വൈകുന്നേരം ആയപ്പോഴേക്കും അരി കൊണ്ടുവന്നു കൊടുക്കുകയും ചെയ്തു. ആ ഒരു കംപ്ലെയിൻറുകൊണ്ടുമാത്രം കാർഡുകൾ മുഴുവനും മാറ്റേണ്ടതെന്നുവെച്ചു് ആ ഷാപ്പിലെ കാർഡിൽ പകുതി സൊസൈറ്റിക്കു കൊടുത്തു.

മിസ്റ്റർ എം. കെ. രാജു: സുബ്രഹ്മണ്യയ്യരുടെ റേഷൻ ഷാപ്പിൽ നിന്നു കുറെ കാർഡുകൾ സൊസൈറ്റിക്കു് കൊടുക്കുവാൻ തീരുമാനിച്ചതു് സൊസൈറ്റിക്കു് ഒരു സഹായമായിട്ടോ, അതോ ഷാപ്പുടമസ്ഥനു് ഒരു ശിക്ഷയായിട്ടോ?

LIBRARY ARCHIVES Kerala Legislative Assembly